പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2831 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യത്തൊഴിലാളികൾക്കായുള്ള പ്രത്യേക ഭവന പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. നജീബ് കാന്തപുരം
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ. കല്ലട മാഹിൻ
ശ്രീ. എ. കെ. എം. അഷ്റഫ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വിവരങ്ങൾ സർക്കാർ ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

മറുപടി: 2016 കാലഘട്ടത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലുമായി സർവ്വേ പ്രകാരം സംസ്ഥാനത്ത് ആകെ 41,523 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 23,356 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 18,167 കുടുംബങ്ങൾ ഭൂ രഹിത-ഭവന രഹിതരുമാണ്.

(ബി) സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഭവനനിർമ്മാണ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: ഫിഷറീസ് വകുപ്പു മുഖേന മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഭവന പദ്ധതി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പ്രസ്തുത പദ്ധതിയുടെ ശുപാർശയിൽ ആവശ്യമായ വ്യക്തത വരുത്തി പരിഷ്കരിച്ച പ്രൊപ്പോസലും കരട് മാർഗരേഖയും ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരുന്നു.

(സി) എങ്കിൽ പ്രസ്തുത പദ്ധതി എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ